**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3317** **08-10-2025 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന പാലങ്ങളുടെ നിർമ്മാണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ തകർന്ന കല്ലേലി (വെമ്പള്ളി–കല്ലാലി) പാലത്തിന്റെ പുനർനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് ഏത് തീയതിയിൽ സമർപ്പിച്ചുവെന്നും ആയതിന്റെ പുരോഗതിയും അറിയിക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ കടപ്ലാമറ്റം പഞ്ചായത്തിലെ കുമ്മണ്ണൂർ കടപ്ലാമറ്റം വെമ്പളളി റോഡിലുളള കല്ലേലി പാലത്തിന് 2018 -ലെ പ്രളയത്തിൽ തകരാർ സംഭവിച്ചിട്ടുണ്ട്. കല്ലേലി പാലത്തിന്റെ പുനർനിർമ്മാണത്തിനായി 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭിക്കുന്നതിനായി 01/05/2022 തീയതിയിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. 05/05/2022 – ൽ നടന്ന AS കമ്മിറ്റി മീറ്റിങ്ങിൽ ബഡ്ജറ്റിൽ 20% തുക വകയിരുത്താത്ത പ്രവൃത്തികൾ ഒഴിവാക്കിയതിനോടൊപ്പം ഈ പ്രവൃത്തിയും ഒഴിവാക്കപ്പെട്ടിരുന്നു. |
| (ബി) | 05/05/2022-ൽ നടന്ന എ. എസ്. (ആന്വൽ സ്ട്രാറ്റജിക്ക്) കമ്മിറ്റി മീറ്റിങ്ങിൽ കല്ലേലി പാലത്തിന്റെ പ്രവൃത്തി പരിഗണിക്കപ്പെടാതെ പോയത് എന്തുകൊണ്ടാണ്; ആയത് പുനപരിശോധിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എ പിരിവിന്റെ അതേ മറുപടി. |
| (സി) | വയലാ–കോടിക്കുളം പാലത്തിന്റെ പുനർനിർമ്മാണം ഏത് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചിരിക്കുന്നുവെന്ന് അറിയിക്കാമോ; വയലാ–കോടിക്കുളം പാലം പി. എം. ജി. എസ്. വൈ. (പ്രധാനമന്ത്രി ഗ്രാമ സഡക് യോജന ) പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | വയലാ കോടികുളം പാലത്തിന്റെ നിർമ്മാണം PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. കുര്യം - വയലാ Ch.0/000 മുതൽ Ch.1/800 വരെയുളള റോഡ് കോടികുളം കൽവെർട്ട് ഉൾപ്പെടെ PMGSY പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോഗ്രാം ഇമ്പ്ലിമെന്റ് യൂണിറ്റ് PMGSY, ജില്ലാ പഞ്ചായത്ത് കോട്ടയം നിർമ്മാണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ